# ആദിവാസി ജീവിതം – വികസനവും പ്രതിസന്ധികളും

## ആമുഖം

കേരളത്തിലെ ആദിവാസികളുടെ ശാക്തീകരണത്തിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി നിയമസഹായം നൽകിക്കൊണ്ട് 2003 മുതൽ കൽപ്പറ്റ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന മനുഷ്യാവകാശ സംരംഭമാണ് നീതിവേദി.

2024 ആഗസ്റ്റ് 9 ന് അന്തർദേശീയ ആദിവാസിദിനത്തോടനുബന്ധിച്ച് നീതിവേദിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആദിവാസി നേതാക്കളുടെയും ആദിവാസികളോടൊത്ത് അവരുടെ ക്ഷേമത്തിനുവേണ്ടി താൽപ്പര്യമെടുക്കുന്ന പൊതുപ്രവർത്തകരുടെയും യോഗം ചേർന്ന് 'ആദിവാസികളുടെ ജീവിതം- വികസനവും പ്രതിസന്ധികളും' എന്ന വിഷയം ചർച്ച ചെയ്ത് ഒരു കർമ്മപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിരുന്നു. ചൂരൽമല-മുണ്ടക്കൈ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആ യോഗം മാറ്റിവെക്കുകയുണ്ടായി. 2024 ഒക്ടോബർ മാസം 10-ാം തിയതി വ്യാഴാഴ്ച കൽപ്പറ്റ സിവിൽ സ്റ്റേഷനു സമീപമുള്ള എം.ജി.റ്റി ഹാളിൽ വെച്ച് പ്രസ്തുത യോഗം സംഘടിപ്പിച്ചു. ഊരുമൂപ്പൻമാർ, ആദിവാസി നേതാക്കൾ, പഞ്ചായത്ത് മെമ്പർമാർ, പീസ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയ 60 പേർ ശില്പശാലയിൽ പങ്കെടുത്തു.

സർക്കാരിന്റെ വിവിധ വകുപ്പുകളും മറ്റ് സംവിധാനങ്ങളും സന്നദ്ധ സംഘടനകളും പൊതുപ്രവർത്തകരും ആദിവാസി വികസനത്തിനുവേണ്ടി വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ കഴിഞ്ഞ പത്തു പതിനഞ്ച് വർഷങ്ങളായി ആദിവാസി സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്ന കാര്യത്തിൽ എല്ലാ മേഖലകളിലും നിസംഗത വ്യാപിക്കുന്നു എന്ന തോന്നൽ ശില്പശാലയിൽ പങ്കെടുത്ത നിരവധിപേർ പങ്കുവെച്ചു. പൊതുസമൂഹത്തിന്റെ കടമ ഗോത്രവിഭാഗക്കാരെ ആദരിക്കുകയും അവരെ മനുഷ്യരായി അംഗീകരിക്കുകയും ചെയ്യുക എന്നതാണ്. ഇത് ആദിവാസി സമൂഹങ്ങളുടെ കലകളും സംസ്ക്കാരവും ഭാഷകളും സാഹിത്യവും ആചാരാനുഷ്ഠാനങ്ങളും ഭക്ഷണരീതികളും വൈവിധ്യങ്ങളും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നത് വഴിയാണ് സാധ്യമാകുക.

ആദിവാസി സമൂഹങ്ങളുടെ വികസനത്തിനുവേണ്ടി, പ്രത്യേകിച്ച് വയനാട്ടിലെ ആദിവാസികൾക്കുവേണ്ടി പ്രാധാന്യം കൊടുത്ത് നടപ്പിലാക്കേണ്ട നിരവധി നിർദ്ദേശങ്ങൾ ശില്പശാലയിൽ ഉയർന്നുവന്നു. അവ സർക്കാരിന്റെയും പട്ടികവർഗ്ഗക്ഷേമത്തിനായി പ്രവർത്തിക്കുന്ന എല്ലാവരുടെയും പരിഗണനക്കായി സമർപ്പിക്കുന്നു.

## 1. പരമ്പരാഗത ഊരുകൂട്ടം

നമ്മുടെ സംസ്ഥാനത്ത് ആദിവാസി സമൂഹങ്ങൾക്കുവേണ്ടി ആസൂത്രണത്തിലൂടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ സമഗ്രമായ പുനർ വായനക്ക് വിധേയമാക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും ടി.എസ്.പിയിലൂടെയും സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ധാരാളം ഫണ്ട് ചെലവിട്ടുകൊണ്ടിരിക്കുകയാണ്. സംവരണത്തിലൂടെ ജയിച്ച് അധികാരത്തിൽവന്ന ജനപ്രതിനിധികളുടെ ഫലപ്രദമായ ഇടപെടലുകൾ പദ്ധതി ആവിഷ്ക്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉണ്ടാകുന്നില്ല. ഗുണഭോക്താക്കളുടെ ശരിയായ ആവശ്യങ്ങൾക്കനുസരിച്ചാണോ പദ്ധതികൾ ഉണ്ടാക്കുന്നതും നടപ്പിലാക്കുന്നതും എന്നകാര്യം ഗ്രാമസഭ/ഊരുകൂട്ടം വഴി യഥാസമയത്ത് വിലയിരുത്തപ്പെടുന്നില്ല എന്ന് ശില്പശാലയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ആദിവാസികളുടെ പരമ്പരാഗത ഊരുകൂട്ട സങ്കൽപ്പം മാറി മാറി വരുന്ന സർക്കാരുകളും രാഷ്ട്രീയപാർട്ടികളും ഉദ്യോഗസ്ഥരും അട്ടിമറിച്ചെന്നും ഇപ്പോൾ നടക്കുന്ന വാർഡ്കൂട്ടം ആദിവാസി താൽപ്പര്യങ്ങളോടും ആവശ്യങ്ങളോടും നീതിപുലർത്താൻ പര്യാപ്തമല്ലെന്നും പൊതുവിൽ അഭിപ്രായമുണ്ടായി.

1.1 പരമ്പരാഗത ഊരുകൂട്ടങ്ങൾ പുനർജീവിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണം.

1.2 ഊരുമൂപ്പൻമാരുടെ പരമ്പരാഗത സ്ഥാനവും അവകാശങ്ങളും ആദരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തണം.

1.3 'പെസ' നിയമം പ്രധാന ആദിവാസി മേഖലകളിലെങ്കിലും നടപ്പിലാക്കാൻ സർക്കാർ ഇച്ഛാശക്തി കാണിക്കണം.

1.4 ആദിവാസി വികസനത്തിന് ഊരുതല മൈക്രോപ്ലാനും താലൂക്ക്/ജില്ലാതല മാക്രോപ്ലാനും തയ്യാറാക്കണം.

1.5 ആദിവാസി വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും നടപ്പിലാക്കുന്നതും ആദിവാസികളുടെ നേതൃത്വത്തിലും പങ്കാളിത്തത്തിലുമാകണം. അവ ഊരുകൂട്ടങ്ങളിൽ വിശദമായി ചർച്ച ചെയ്ത് ആവശ്യങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി, ആവശ്യമായ ഫണ്ട് വകയിരുത്തി നടത്താൻ ബന്ധപ്പെട്ടവർക്ക് കഴിയണം.

## 2. ആദിവാസി ഭൂമിയും പുനരധിവാസവും

ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി ലഭ്യമാക്കുന്നതിന് നാളിതുവരെ പാസ്സാക്കിയ നിയമങ്ങൾ വഴിയോ മാറി മാറി വന്ന സർക്കാരുകളുടെ നടപടികളിലൂടെയോ കഴിഞ്ഞില്ല എന്നത് ഏറെ ആശങ്കപ്പെടുത്തുന്ന കാര്യമാണ്. കേരളത്തിലെ ജനസംഖ്യയുടെ ഒരു ചെറിയ ശതമാനം മാത്രം വരുന്ന ആദിവാസി സമൂഹങ്ങൾക്ക് ആവ

ശ്യമായ കൃഷിഭൂമി ലഭ്യമാക്കാൻ ഇച്ഛാശക്തിയുള്ള സർക്കാരിന് കഴിയും എന്ന് ശില്പശാലയിൽ അഭിപ്രായമുണ്ടായി.

2.1 വിവിധ പദ്ധതികളിലൂടെ ആദിവാസികൾക്ക് വിതരണം ചെയ്തത ഭൂമി, ഓരോ കുടുംബത്തിനും ലഭിച്ച ഭൂമി, നൽകിയ ഭൂമിയുടെ രേഖകൾ, ഭൂമിയുടെ കൈവശം, നിലവിൽ ഉപയോഗിക്കുന്ന ഭൂമി, ചെയ്യുന്ന കൃഷി, ലഭിക്കുന്ന വരുമാനം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ധവളപത്രം പ്രസിദ്ധീകരിക്കണം. ഭൂമി ഇല്ലാത്ത ആളുകളുടെ വിശദാംശങ്ങളും പ്രസ്തുത ധവളപത്രത്തിൽ ഉൾപ്പെടുത്തണം.

2.2 1975 മുതൽ സംസ്ഥാനത്ത് കൊണ്ടുവന്ന എല്ലാ ഭൂമിസംബന്ധമായ നിയമങ്ങളും പരിശോധിച്ച് അപാകതകൾ പരിഹരിച്ച് നിലവിൽ ഭൂമി ഇല്ലാത്തവർക്ക് TRDM മുഖേന ഭൂമിവിതരണം പൂർത്തിയാക്കണം.

2.3 സംസ്ഥാനത്തെ മുഴുവൻ ആദിവാസികളുടെയും ഭൂമി ഡിജിറ്റൽ സർവ്വെ നടത്തി അളന്നു തിട്ടപ്പെടുത്തണം.

2.4 തലമുറകളായി കൈമാറി വരുന്ന കൂട്ടുപട്ടയം, ഭാഗം വെക്കൽ, രേഖകളില്ലാത്ത ഭൂമി, തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത്/താലൂക്ക് തലത്തിൽ പ്രത്യേക അദാലത്തുകൾ നടത്തണം.

2.5 അതിർത്തി തർക്കം, കൈയ്യേറ്റം എന്നിവ കണ്ടെത്തി സമയബന്ധിതമായി പരിഹരിക്കാൻ പ്രത്യേക സംവിധാനം ഒരുക്കണം.

2.6 ഓരോ ആദിവാസി സമൂഹത്തിനും അർഹതപ്പെട്ട ശ്മശാനങ്ങളും ആരാധനാസ്ഥലങ്ങളും യഥാവിധി സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം.

2.7 പട്ടിക വർഗ്ഗക്കാരുടെ പ്രധാന വരുമാനമാർഗ്ഗം ഭൂമിയാണ് എന്ന തിരിച്ചറിവോടെ വിതരണം ചെയ്യുന്ന ഭൂമിയിൽ കൃഷിചെയ്യാനും വരുമാനം ഉണ്ടാക്കാനും പര്യാപ്തമായ ദീർഘകാല കാർഷിക പാക്കേജുകൾക്ക് രൂപം കൊടുക്കണം.

2.8 വനാവകാശ നിയമം തുടർന്നും നടപ്പിലാക്കണം. വനാവകാശ ഊരുകൂട്ടങ്ങൾ പുന:സംഘടിപ്പിച്ച് സജീവമായ ഇടപെടലുകൾ നടത്തി അർഹരായ എല്ലാവർക്കും വനഭൂമി പതിച്ചു നൽകണം.

2.9 വനത്തിനുള്ളിൽ ജീവിക്കാനുള്ള ആദിവാസികളുടെ അവകാശം അംഗീകരിച്ച് നിർബന്ധിത പുനരധിവാസം അവസാനിപ്പിക്കണം. വനഗ്രാമങ്ങൾ റവന്യൂ ഗ്രാമങ്ങളായി അംഗീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം.

2.10 വന്യമൃഗശല്യത്തിൽ മരണമടയുന്നവരും അപകടം പറ്റുന്നവരുമായ ആദിവാസി വിഭാഗത്തിലുള്ളവർക്ക് അർഹമായ ആനുകൂല്യങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തണം.

3. **ഭവനം**

ഭവനനിർമ്മാണമേഖലയിലെ ദുഷ്പ്രവണതകൾ ഇല്ലാതാക്കാനും ഗുണമേൻമയുള്ള വീടുകൾ, കുടുംബാംഗങ്ങളുടെ എണ്ണം, ആവശ്യങ്ങൾ എന്നിവ പരിഗണിച്ചു കൊണ്ടുമുള്ള ഒരു ഭവനനയത്തിനു രൂപം കൊടുക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

3.1 ഭവനമില്ലാത്തവർക്കും വീട് പണിപൂർത്തീകരിക്കാത്തവർക്കും വേണ്ടി ഊരുതല മൈക്രോപ്ലാൻ തയ്യാറാക്കി വാസയോഗ്യമായ ഭവനങ്ങൾ ഉറപ്പാക്കണം.

3.2 ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സ്ഥിതി പ്രത്യേകം പരിഗണിച്ച് ആവശ്യമനുസരിച്ച് പുതിയ വീടുകൾ നൽകാൻ പദ്ധതി ആവിഷ്ക്കരിക്കണം.

3.3 വീടുകളുടെ വിസ്തീർണ്ണം ഓരോ വീട്ടിലെയും ആളുകളുടെ എണ്ണത്തിനനുസരിച്ച് ആനുപാതികമായി വർദ്ധിപ്പിക്കാൻ കഴിയണം. ദീർഘകാലത്തേക്ക് നിലനിൽക്കാൻ കഴിയുന്ന വീടുകൾ പണിയുന്നതിന് ഗുണമേൻമയുള്ള സാധനങ്ങൾ ഉപയോഗിക്കുന്നുവെന്നും അതിനാവശ്യമായ ഫണ്ട് വകയിരുത്തുന്നുവെന്നും ഉറപ്പാക്കണം.

3.4 ഭവനനിർമ്മാണത്തോടൊപ്പം കുടിവെള്ളവും ടോയ്ലററ് സൗകര്യവും ഉറപ്പാക്കണം. കൂടാതെ അനുയോജ്യമായ വൈദ്യുതീകരണ പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ, വനമേഖലയിൽ കേബിൾ വഴിയുള്ള വൈദ്യുതീകരണ പദ്ധതികൾ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയെല്ലാം ഉൾപ്പെടുത്തണം.

3.5 പുനരധിവാസ പദ്ധതികളിൽ അംഗൻവാടി, ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹാൾ എന്നിവ ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

3.6 ഓരോ വർഷവും പ്രളയ സമയത്ത് മാറിതാമസിക്കേണ്ടി വരുന്ന ആദിവാസി ഊരുകളിലുള്ളവരെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കണം.

3.7 മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് താമസസൗകര്യവും ജോലിയും ഉറപ്പാക്കണം.

4. **വിദ്യാഭ്യാസം**

സർക്കാർ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസം. കേരളത്തിൽ 20% ആദിവാസികൾ വിദ്യാഭ്യാസ രംഗത്തുണ്ടായ കുതിച്ചുകയറ്റത്തിലൂടെ ഉന്നതസ്ഥാനങ്ങളിൽ എത്തി. 80% പേർ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. ഇതു വലിയ സാമൂഹ്യ പ്രശ്നമാണ്. പിന്നോക്കസമുദായങ്ങളിലെ കുട്ടികളെ വിദ്യാഭ്യാസപരമായി മുന്നോട്ടുകൊണ്ടുവരാൻ ഓരോ സമുദായത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടത് ആവശ്യമാണ്.

4.1 **കൊഴിഞ്ഞുപോക്ക് :**

4.1.1 ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വിവിധ കർമ്മപരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്. എന്നാൽ സ്ക്കൂളുകളിൽ നാളുതുവരെ പോകാത്ത കുട്ടികളുള്ള ചെറു സമൂഹങ്ങൾ വയനാട്ടിലെ ആദിവാസികളുടെ ഇടയിലുണ്ട്. മാതാപിതാക്കളുടെ താൽപ്പര്യക്കുറവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഇതിനു കാരണമാണ്. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിയേണ്ടതുണ്ട് (ഉദാ: ഏറാട്ടുകുണ്ട് ഊര്).

4.1.2 കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്ക്കൂൾ തലത്തിൽ ബന്ധപ്പെട്ട എല്ലാവരുടെയും പ്രാതിനിധ്യമുള്ള മോണിറ്ററിംഗ് കമ്മറ്റിക്ക് രൂപം നൽകുകയും പ്രതിമാസ വിലയിരുത്തലുകൾ നടത്തുകയും ചെയ്യണം.

4.1.3 ഓരോ വർഷവും പ്രവേശനം നേടുന്നവരിൽ നല്ലൊരു ശതമാനം കുട്ടികളും സ്ഥിരമായി സ്ക്കൂളുകളിൽ പോകുന്നില്ല. പ്രത്യേകിച്ച് മാതാപിതാക്കളോടൊപ്പം വിളവെടുപ്പ് കാലങ്ങളിൽ കുട്ടികൾ പണിക്കുപോകുന്നു. നിലവിലെ നിയമങ്ങൾ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ ഇടപെടലുകൾ ആവശ്യമാണ്.

4.1.4 നിരവധി ആദിവാസി വിദ്യാർത്ഥികൾക്ക് ജനന സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് അക്കൗണ്ട് തുടങ്ങിയവ ഇല്ലാത്തതുകൊണ്ട് അവരുടെ വിശദാംശങ്ങൾ സ്ക്കൂൾ റെക്കോർഡുകളിൽ ചേർക്കാൻ കഴിയുന്നില്ല. ഇത് കുട്ടികളുടെ വിദ്യാഭ്യാസത്തെയും അവർക്ക് ലഭിക്കേണ്ട ആനുകൂല്യത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി സ്ക്കൂൾ തലത്തിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കണം.

4.1.5 ആദിവാസി വിദ്യാർത്ഥികൾ പത്താം ക്ലാസ്സ് വരെ പഠിച്ച അതേ സ്ക്കൂളിൽത്തന്നെ സാധിക്കുന്നിടത്തോളം പ്ലസ് വൺ/പ്ലസ്ടു പഠനം തുടരാനുള്ള സംവിധാനങ്ങൾ വേണം. ഏകജാലക രീതിയിൽ അഡ്മിഷൻ ലഭിക്കുന്ന നിലവിലുള്ള രീതി ആദിവാസി വിദ്യാർത്ഥികൾക്ക് അനുയോജ്യമല്ല. പരിചയമില്ലാത്ത, വിദൂരത്തുള്ള സ്ക്കൂളുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ പലരും പഠനം തുടരാൻ വൈമുഖ്യം കാണിക്കുന്നു.

4.1.6 **മെന്റർ ടീച്ചർ** : ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനായി ആരംഭിച്ച മെന്റർടീച്ചർ നിയമനങ്ങൾ ആദ്യലക്ഷ്യത്തിൽ നിന്നും വളരെ മാറിപോയിട്ടുണ്ട്. സ്ക്കൂളിലെ ആദിവാസി വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള സമുദായത്തിൽ നിന്ന് അതേ പ്രദേശത്തുനിന്നുള്ള ഒരാളെ മെന്റർ ടീച്ചറായി (റ്റി റ്റി സി മാനദണ്ഡം വെക്കാതെ പ്ലസ് ടു പാസ്സായ ഒരാളെ) തിരഞ്ഞെടുത്ത് നിയമിക്കുക. മെന്റർ ടീച്ചറുടെ റോൾ കൃത്യമായി മനസ്സിലാക്കുന്നതിനും അവരുടെ

പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഐ.റ്റി.ഡി.പി യുടെ കീഴിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കണം.

4.2 **ഹോസ്റ്റൽ** : പ്ലസ്ടു, ഡിഗ്രി, പിജി കോഴ്സുകൾ പഠിക്കാൻ ആഗ്രഹിക്കുന്ന വർക്ക് സൗകര്യപ്രദമായ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അപര്യാപ്തത പരിഹരിക്കണം.

4.3 **സ്ക്രൈബ്** : സ്ക്കൂളിലെ വിജയശതമാനം ഉയർത്തുന്നതിനായി മിക്ക സ്ക്കൂളുകളിലും ആദിവാസി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ വെച്ച് പരീക്ഷ എഴുതിക്കുന്നത് കുട്ടികളുടെ ഉപരിപഠനത്തിന് വളരെ ദോഷം ചെയ്യുന്നതുകൊണ്ട് അത്തരം സമീപനങ്ങൾ കർശനമായി നിർത്തലാക്കണം.

4.4 **ടെക്നിക്കൽ കോഴ്സുകൾ** : ആദിവാസി വിദ്യാർത്ഥികൾക്ക് കൂടുതൽ താൽപ്പര്യമുള്ള സാങ്കേതിക കോഴ്സുകളിൽ പങ്കുചേരാൻ സഹായകരമായ രീതിയിൽ പ്രത്യേക ടെക്നിക്കൽ കോളേജ് വയനാട് ജില്ലയിൽ ആരംഭി ക്കണം.

4.5 ഉന്നതവിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന ആദിവാസി യുവജനങ്ങളെ ഐ.ടി/എ.ഐ മേഖലകളിൽ പ്രത്യേക പരിശീലനത്തിന് സൗകര്യം ഒരുക്ക ണം.

4.6 കരിയർ ഗൈഡൻസ്, പി.എസ്.സി കോച്ചിംഗ് തുടങ്ങിയവയിൽ പങ്കാളികളാ ക്കാൻ പ്രത്യേക സൗകര്യങ്ങൾ ഒരുക്കണം.

4.7 എല്ലാ യുവജനങ്ങളെയും എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്യാൻ സഹാ യിക്കണം.

## 5. ആരോഗ്യം

കേരളത്തിലെ പൊതുസമൂഹം ആരോഗ്യമേഖലയിൽ ഏറെ മുന്നേറിയെങ്കിലും നല്ലൊരു ശതമാനം ആദിവാസികളും വിവിധ രോഗങ്ങൾ മൂലം പ്രതിസന്ധി അനുഭവി ക്കുന്നവരാണ്. ആദിവാസി സമൂഹങ്ങൾക്കുവേണ്ടി ആരോഗ്യവകുപ്പിന്റെയും പട്ടിക വർഗ്ഗ വകുപ്പിന്റെയും ഏകോപിപ്പിച്ചുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകണം.

5.1 **മാനസിക ആരോഗ്യം** : ആദിവാസി വിഭാഗത്തിൽ മാനസിക രോഗികളുടെയും ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം കൂടിവരുന്നു. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവത്ക്കരണവും കൗൺസിലിംഗും മെഡിക്കൽ ക്യാമ്പുകളും തുടർച്ചയായി സംഘടിപ്പിക്കണം. ആദിവാസി ഊരുകളിൽ സേവനം നൽകുന്നതിനുവേണ്ടി പ്രത്യേക കൗൺസിലേഴ്സിനെ നിയമിക്ക ണം.

5.2 **ശാരീരിക ആരോഗ്യം** : സിക്കിൾ സെൽ അനീമിയ, ക്യാൻസർ, വൃക്കരോഗ ങ്ങൾ തുടങ്ങിയവ ആദിവാസി വിഭാഗത്തിൽ കൂടിവരുന്നു. ഇവ ആദ്യഘട്ട

ത്തിൽതന്നെ മനസ്സിലാക്കാൻ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും ക്യാൻസർ സ്ക്രീനിംഗും നടത്തണം.

5.3 അംബേദ്ക്കർ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആദിവാസി വിഭാഗങ്ങളിലെ ക്യാൻസർ രോഗികൾക്ക് ഫലപ്രദമായ സൗജന്യ ചികിത്സ ലഭ്യമാക്കണം.

5.4 ആദിവാസികൾക്ക് ഡയാലിസിസ് സൗജന്യമായി നടത്തുന്നതിനാവശ്യമായ പ്രത്യേക സംവിധാനങ്ങൾ ജില്ലയിലെ വിവിധ ആശുപത്രികളിൽ ക്രമീകരിക്കണം.

5.5 **മദ്യം, മയക്കുമരുന്ന്** : മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗങ്ങളുടെ അനന്തരഫലമായി മിക്ക കുടുംബങ്ങളിലും പ്രശ്നങ്ങൾ കൂടിവരുന്നു. ഇത് മക്കളുടെ പഠനത്തെ ബാധിക്കുന്നു. ആദിവാസി യുവജനങ്ങളെ ലഹരി വസ്തുക്കൾ കൈമാറുന്നതിന് കാരിയേഴ്സായി ഉപയോഗിക്കുന്നത് തടയണം. ലഹരി ഉപയോഗത്തിനെതിരെ പ്രത്യേക ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

5.6 ആദിവാസി വിഭാഗത്തിലുള്ളവർക്ക് മാത്രമായി പ്രത്യേക ഡി-അഡിക്ഷൻ സെന്റർ വയനാട് ജില്ലയിൽ ആരംഭിക്കണം.

5.7 ഓരോ പി. എച്ച്. സിയുടെയും പരിധിയിലുള്ള ഊരുകളുമായി പ്രത്യേക ബന്ധം സ്ഥാപിച്ച് ഊരിലെ ആദിവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉത്തരവാദിത്വം എല്ലാ പി. എച്ച്. സി കൾക്കും നൽകുന്ന രീതിയിൽ ജില്ലയിലെ ആരോഗ്യസംവിധാനം പുന:സംഘടിപ്പിക്കണം. ആദിവാസികളിലെ രോഗങ്ങൾ ആദ്യഘട്ടത്തിൽ കണ്ടുപിടിക്കപ്പെടുന്നില്ല. രോഗങ്ങൾ മൂർച്ഛിച്ച അവസ്ഥയിലെത്തുന്നതിന് മുമ്പ് തന്നെ കണ്ടുപിടിക്കാൻ ഇത് സഹായിക്കും.

5.8 ആശാവർക്കർമാർ-ഊരുമിത്രം വോളണ്ടിയേഴ്സ് എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുകയും ഊരുകളിൽ സ്ഥിരമായി പോകുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

5.9 ആദിവാസി യുവജനങ്ങൾക്ക് അനുയോജ്യമായ പാരാമെഡിക്കൽ കോഴ്സുകളിൽ സൗജന്യപരിശീലനം നൽകി ആശാവർക്കർമാരായും ഊരുമിത്രം വോളണ്ടിയേഴ്സായും നിയമനം നൽകണം.

5.10 **ട്രൈബൽ മിഷൻ ഹോസ്പിറ്റൽ** : ട്രൈബൽ മിഷൻ ഹോസ്പിറ്റൽ വയനാട് ജില്ലയിൽ ആരംഭിക്കണം.

5.11 **മെഡിക്കൽ കോളേജ്** : വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് പേരിനുമാത്രമാകാതെ അത്യാധുനിക സംവിധാനങ്ങളും ഡോക്ടർമാരും ഉണ്ട് എന്ന് ഉറപ്പുവരുത്തുകയും ആദിവാസി വിഭാഗങ്ങളിലുള്ളവർക്ക് ചികിത്സ ഫലപ്രദമായി ലഭ്യമാക്കുകയും ചെയ്യണം. മെഡിക്കൽ കോളേജിലും മറ്റ് ആശുപത്രികളിലും ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കണം.

5.12 **പോഷകാഹാരക്കുറവ്** : പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രത്യേക സംവിധാനങ്ങൾ ആദിവാസി ഊരുകളിൽ ഏർപ്പെടുത്തണം. അടുക്കളത്തോട്ടവും കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി തൈകളും മറ്റും കൃഷി വകുപ്പിന്റെ സഹായത്തോടെ നൽകണം.

5.13 മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് നൽകണം.

5.14 ഊരുകളിൽ ശുചിത്വ മിഷൻ പ്രവർത്തനം ഉറപ്പാക്കണം.

6. **തൊഴിൽ**

ആദിവാസി സമൂഹങ്ങളിൽ തൊഴിലെടുക്കാൻ പ്രാപ്തരായ മുഴുവൻപേർക്കും തൊഴിൽ നൽകാനുള്ള ഒരു സമഗ്രപദ്ധതിക്ക് രൂപം കൊടുക്കണം. സാമ്പത്തിക സ്വാതന്ത്ര്യം എന്ന ലക്ഷ്യം കൈവരിക്കാൻ അതിലൂടെ എല്ലാവരെയും പ്രാപ്തരാക്കണം.

6.1 സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പണിയ, അടിയ, കാട്ടുനായ്ക്ക, ഊരാളി വിഭാഗങ്ങളിൽപ്പെട്ട ഓരോ കുടുംബത്തിലെയും ഒരാൾക്കെങ്കിലും വീതം സർക്കാർ/അർദ്ധസർക്കാർ ജോലി ഉറപ്പാക്കണം.

6.2 ഇതരസംസ്ഥാനങ്ങളിൽ ജോലിക്ക് പോകുന്ന ആദിവാസികളുടെ വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. ബോർഡറുകളിൽ പരിശോധന ശക്തമാക്കണം. ഇതരസംസ്ഥാനങ്ങളിൽ ജോലിക്ക് പോയി പീഡനങ്ങൾ അനുഭവിക്കുകയോ മരണപ്പെടുകയോ കാണാതാകുകയോ ചെയ്യുന്നവരുടെ കുടുംബങ്ങൾക്ക് മതിയായ നിയമസഹായവും നഷ്ടപരിഹാരവും നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

6.3 സർക്കാരിന്റെ വിവിധ സ്വയം തൊഴിൽ പദ്ധതികളുമായി ഊരുകളെ ബന്ധിപ്പിക്കണം.

7. **ഉപസംവരണം** : സംസ്ഥാനത്തെ മുഴുവൻ ഗോത്രവർഗ്ഗ സമുദായങ്ങളെയും ഒന്നിച്ച് കണക്കാക്കി വേക്കൻസികൾ നിശ്ചയിച്ച് നിയമനം നടത്തുന്ന രീതി അടുത്തകാലത്ത് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച ഉപസംവരണം സംബന്ധിച്ച വിധിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാനും നിലവിലുള്ള സംവരണനയം പുന:പരിശോധിക്കാനും സർക്കാർ തയ്യാറാകണം. ജനസംഖ്യാനുപാതികമായി സർക്കാരിലോ യൂണിവേഴ്സിറ്റികളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ബാങ്കുകളിലോ പ്രാതിനിധ്യം ലഭിക്കാത്ത ഗോത്രവർഗ്ഗ സമുദായങ്ങൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കണം. നിലവിലുള്ള നിയമനരീതി ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിൽ ഉറപ്പുവരുത്തിയിട്ടുള്ള തുല്യത എന്ന മൗലികാവകാശത്തിന്റെ ലംഘനമാണ്. ഈ വിഷയം പരിശോധിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കാനുമായി ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

8. **ട്രൈബൽ ഫെസ്റ്റ്**

ആദിവാസികളുടെ തനതുകലകളും ആചാരങ്ങളും ഭാഷകളും അന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തെ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

8.1 വിവിധ ആദിവാസി സമുദായങ്ങളുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനായി എല്ലാ വർഷവും ജില്ലാ തലത്തിൽ ട്രൈബൽ ഫെസ്റ്റ് സംഘടിപ്പിക്കണം.

8.2 ആദിവാസി യുവജനങ്ങൾക്ക് ആചാരങ്ങളിലും തനത് കലകളിലും പരിശീലനം നൽകണം.

8.3 ആദിവാസികളുടെ തനത് ഭാഷകളിൽ തെരുവുനാടകങ്ങളും നാടൻപാട്ടുകളും ഉൾപ്പെടുത്തി കലാജാഥകൾ സംഘടിപ്പിച്ച് ഊരുതലത്തിൽ ആദിവാസി സംസ്ക്കാരത്തെ പരിപോഷിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം.

9. **പോക്സോ നിയമം:** ആദിവാസി സമൂഹത്തിൽ നിന്ന് പ്രായപൂർത്തിയാകാതെ ഗർഭിണികളാകുന്ന പെൺകുട്ടികളും, പോക്സോ കേസിൽ പ്രതികളാകുന്ന നിരവധി ആദിവാസി യുവാക്കളും നേരിടുന്ന വലിയ പ്രതിസന്ധിയെ ഉചിതമായി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് കാരണമാകുന്ന കുടുംബസാഹചര്യം പഠനവിധേയമാക്കണം. രാജ്യത്തെ നിയമങ്ങൾ, കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രത്യേകതകൾ എന്നിവ സംബന്ധിച്ച് തനതു ഭാഷകളിൽ മാതാപിതാക്കൾക്കും ഊരുമൂപ്പൻമാർക്കും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഇത്തരം പ്രശ്നങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാൻ ബന്ധപ്പെട്ട പ്രവർത്തകർക്ക് പരിശീലനം നൽകണം.

10. സമീപകാലത്തായി വയനാട്ടിലെ ആദിവാസി പെൺകുട്ടികളെ അയൽ ജില്ലകളിലേക്ക് അനാദിവാസികളായ പുരുഷൻമാർ വിവാഹം കഴിച്ചുകൊണ്ടുപോകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നു. ഇത്തരം വിവാഹ ബന്ധങ്ങൾ പഠനവിധേയമാക്കണം. ഇങ്ങനെ വിവാഹിതരാകുന്ന പെൺകുട്ടികൾ ഭർതൃവീട്ടിൽ അനുഭവിക്കേണ്ടി വരുന്ന ചൂഷണങ്ങളും പീഡനങ്ങളും സംബന്ധിച്ച നിരവധി കേസുകൾ ഉണ്ടാകുന്നുണ്ട്. സാംസ്ക്കാരിക പൊരുത്തമോ മാനസിക തയ്യാറെടുപ്പോ കുടുംബാംഗങ്ങളുടെ പിന്തുണയോ ലഭിക്കാതെ നരകിക്കുന്ന പെൺകുട്ടികളുടെ കാര്യത്തിൽ കൃത്യമായ ഇടപെടലുകൾ ഉണ്ടാകണം.

11. **മൈക്രോഫിനാൻസ് ചിട്ടി, ഇൻസ്റ്റാൾമെന്റ് കച്ചവടം –** ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് നടക്കുന്ന മൈക്രോഫിനാൻസ് ചിട്ടികൾ, ലോണുകൾ, ഇൻസ്റ്റാൾമെന്റ് കച്ചവടങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഗൗരവമായ അന്വേഷണങ്ങൾ നടത്തുകയും ആദിവാസികളെ ചൂഷണങ്ങൾക്കിരകളാക്കുന്നവർക്കെതിരെ നിയമനടപടികൾ എടുക്കുകയും ചെയ്യണം.

12. **ട്രൈബൽ മോണിറ്ററിംഗ് സെൽ**

12.1 ട്രൈബൽ ഡിപ്പാർട്ടുമെന്റിനു കീഴിൽ റ്റി.ഇ.ഒ തലത്തിൽ ട്രൈബൽ അഡ്വൈസറി കൗൺസിൽ രൂപീകരിക്കുകയും പ്രതിമാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യണം.

12.2 ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല ട്രൈബൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ജില്ലയുടെ ചാർജുള്ള മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മൂന്ന് മാസത്തിലൊരിക്കൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യണം. പ്രസ്തുത സെല്ലിൽ ജില്ലയിലെ വിവിധ ആദിവാസി നേതാക്കൾ, ട്രൈബൽ അഡ്വൈസറി കൗൺസിൽ അംഗങ്ങൾ, ജില്ലയിലെ വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ, ഊരുമൂപ്പൻമാർ എന്നിവരെ പങ്കെടുപ്പിക്കണം.

13. **സി.എസ്.ഡബ്ല്യൂ, പ്രൊമോട്ടർമാർ** : ആദിവാസി ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രത്യേക ചുമതല വഹിക്കുന്ന സി.എസ്.ഡബ്ല്യൂ (കമ്മിറ്റഡ് സോഷ്യൽ വർക്കർ), പ്രൊമോട്ടർമാർ തുടങ്ങിയവരെ അതാത് പ്രദേശത്തുനിന്നും തിരഞ്ഞെടുക്കണം. ആദിവാസികളുമായി ബന്ധമില്ലാത്ത മറ്റ് പ്രവർത്തനങ്ങൾ അവർക്ക് നൽകാതിരിക്കണം. സി.എസ്.ഡബ്ല്യൂക്കാരുടെ മോണിറ്ററിംഗ് സബ്കളക്ടറുടെ ചുമതലയിലാക്കണം. നിരന്തരം ഫീൽഡ് പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഉറപ്പ് വരുത്തണം. പീരിയോഡിക്കൽ പരിശീലനങ്ങൾ നൽകണം.

14. **ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ** : ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരായി (ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ, റ്റി.ഡി.ഒ, റ്റി.ഇ.ഒ) കഴിയുന്നിടത്തോളം ആദിവാസി വിഭാഗത്തിലുള്ളവരെ നിയമിക്കണം.

## <u>ഉപസംഹാരം</u>

ആദിവാസികളുടെ വികസനം സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ഉത്തരവാദിത്വമാകണം. ആദിവാസി ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്തി സമയബന്ധിതവും കാര്യക്ഷമവുമായ പദ്ധതികൾ ഉൾപ്പെടുത്തി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാൻ എല്ലാവരും ഒരേ മനസ്സോടെ ശ്രമിക്കണം.